## റിപ്പോർട്ടുകളുടെ പരിഗണന

### (1) പ്രിവിലേജ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു. റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടിനെക്കുറിച്ച് എനിക്ക് പറയാനുണ്ട്.

മി. സ്പീക്കർ : ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചില്ല. അത് അവതരിപ്പിച്ചിട്ട് സംസാരിക്കാം.

(2) ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി. ദിവാകരൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഈ റിപ്പോർട്ടിന്റെ കോപ്പി ഇതുവരെ മെമ്പർമാർക്ക് കിട്ടിയിട്ടില്ല. ഇതിനകത്ത് ഭേദഗതികൾ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇത് പഠിക്കാൻ അവസരം വേണം. ഭേദഗതിയെന്താണെന്നോ പരിഗണനയ്ക്കെടുക്കുന്നത് എന്താണെന്നോ അറിയില്ല. അതുകൊണ്ട് ഇത് നാളെ പരിഗണിക്കാനായി മാറ്റിവയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിന്റെ റിപ്പോർട്ട് അംഗങ്ങൾക്ക് ലഭിക്കാത്തതുകൊണ്ടാണ് ഇത് പരിഗണനയ്ക്ക് എടുക്കുന്നതിനുമുമ്പ് ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുണ്ടെന്ന് പറഞ്ഞത്.

മി. സ്പീക്കർ: ഇതിന്റെ ഭേദഗതികൾ സംബന്ധിച്ച അഭിപ്രായങ്ങളും

റിപ്പോർട്ടും അംഗങ്ങൾക്ക് ലഭിക്കാത്തതിനാൽ അംഗങ്ങൾക്ക് പഠിക്കാനുള്ള സമയം അനുവദിച്ചുകൊണ്ട് ഈ റിപ്പോർട്ട് നാളെ പരിഗണിക്കാനായി മാറ്റിവയ്ക്കുന്നു.

(നിയമനിർമ്മാണകാര്യം)